(Pages : 7) **S 1601**

Sl. No.

# SSLC EXAMINATION, MARCH - 2021
## MALAYALAM
First Language - Paper I

Time : 1½ Hours Total Score : 40

**നിർദ്ദേശങ്ങൾ :**

- **20** മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- **1** മുതൽ **25** വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക **40** സ്കോർ ആയിരിക്കും.

Score

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.**

**(1 സ്കോർ വീതം)**

1. കവികൾക്ക് ലോകമെമ്പാടും 1

ഒരു ഭാഷയേയുള്ളൂ;

ഇലകൾക്കും തത്തകൾക്കും

ഗൗളികൾക്കുമെന്നപോലെ. (കവികളുടെ ഭാഷ)

– ഈ വരികളുടെ പൊരുളെന്ത് ?

- വികാരപ്രകടനങ്ങൾ ഭാഷക്ക് അതീതമാണ്.
- കവികൾ ജീവികളുടെ ഭാഷയിൽ സംസാരിക്കുന്നു.
- ഇലകൾക്കും തത്തകൾക്കും കാവ്യഭാഷയറിയാം.
- ഗൗളികളുടെ ഭാഷയിൽ കവിതയുണ്ട്.

2. <u>ഭാവശാലികൾ</u> പിരിഞ്ഞുകൂടിയാ- 1

ലീവിധം വികലമാം സുഖോദയം. (പ്രിയദർശനം)

– അടിവരയിട്ട പദത്തിന്റെ അർത്ഥം കണ്ടെത്തുക.

- ശാലീനതയുള്ളവർ
- സ്നേഹമുള്ളവർ
- വികാരത്തിന് അടിപ്പെട്ടവർ
- നിരാശയുള്ളവർ

Score

3. 'എന്റെ ആശയ്ക്ക് ഒരു താങ്ങലും കൂടിയായി.' 1

– (ഋതുയോഗം)

– രാജാവിന്റെ ആശയ്ക്ക് താങ്ങലായതെന്ത് ?

- പുരുവംശത്തിലാണ് കുട്ടി ജനിച്ചത് എന്ന അറിവ്.
- കുട്ടിക്ക് രക്ഷയുണ്ടെന്ന അറിവ്.
- കുട്ടിയുടെ അവിനയം
- കുട്ടി വികൃതിയാണെന്ന തോന്നൽ

4. 'ആ ഒന്നാമത്തെ അപകടം അങ്ങനെ കഴിഞ്ഞു. എങ്കിലും അപ്പോഴും അയാളുടെ മനസ്സിൽ ഒരു വല്ലാത്ത പരിഭ്രമമുണ്ടായിരുന്നു.' 1

– (പാവങ്ങൾ)

– ഴാങ് വാൽ ഴാങ്ങിന്റെ പരിഭ്രമത്തിന് കാരണമെന്തായിരുന്നു ?

- മോഷണം കുറ്റമാണെന്ന തോന്നൽ
- തിരിക്കുറ്റിയുടെ ഒച്ച കേട്ട് മനുഷ്യർ ഉണരുമെന്ന പേടി.
- തനിക്ക് എവിടേയും അഭയം ലഭിക്കില്ല എന്ന തോന്നൽ.
- താൻ ചെയ്തത് നന്ദികേടാണെന്ന തോന്നൽ

5. ഉജ്ജ്വലമുഹൂർത്തം എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം കണ്ടെത്തുക. 1

- ഉജ്ജ്വലവും മുഹൂർത്തവും
- ഉജ്ജ്വലമായ മുഹൂർത്തം
- ഉജ്ജ്വലത്തിന്റെ മുഹൂർത്തം
- ഉജ്ജ്വലമെന്ന മുഹൂർത്തം

6. ആരൊരാളിക്കുതിരയെക്കെട്ടുവാൻ 1

ആരൊരാളിതിൻ മാർഗം മുടക്കുവാൻ ?

– (അശ്വമേധം)

– കവിയുടെ പ്രഖ്യാപനത്തിന്റെ പൊരുൾ എന്ത് ?

- കവിയുടെ കുതിരയെ ആർക്കും കെട്ടാനാവില്ല.
- സർഗശക്തിയെ ആർക്കും തടയാനാവില്ല.
- കവിയെ ആർക്കും നിഷേധിക്കാനാവില്ല.
- അശ്വമേധം ആർക്കും തടയാനാവില്ല.

Score

**7 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം)**

7. 'നിന്നാലസാധ്യമായില്ലൊരു കർമ്മവും 2
നിർണയമെങ്കിലുമൊന്നിതു കേൾക്ക നീ.'
– (ലക്ഷ്മണസാന്ത്വനം)

– ശ്രീരാമന് ലക്ഷ്മണനിലുള്ള വിശ്വാസം ഈ വരികളിൽ എങ്ങനെ പ്രകടമാവുന്നു ?

8. 'ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളു മുറ്റും' 2
– (പ്രലോഭനം)

– പുഷ്കരൻ ഇങ്ങനെ സങ്കടപ്പെടാനുള്ള കാരണമെന്ത് ?

9. അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കി മാറ്റി എഴുതുക. 2

മെത്രാൻ ആ സമയത്ത് കുനിഞ്ഞു നിന്ന്, കൊട്ട തടത്തിൽ വീണതുകൊണ്ടു കേടുവന്ന ഒരു പൂച്ചെടിയെ സൂക്ഷിച്ചു നോക്കി വ്യസനിക്കുകയായിരുന്നു.

10. 'വൃദ്ധയും വല്ലാതെ പരുങ്ങിപ്പോയി. <u>സ്ഥലകാലങ്ങളോട് പൊരുത്തപ്പെടാത്ത</u> ഈ അതിഥി ആരാണ് ? 2
– (വിശ്വരൂപം)

– അടിവരയിട്ട പ്രയോഗത്തിന്റെ അർത്ഥതലം എഴുതുക.

11. കഷ്ടകാലമഖിലം കഴിഞ്ഞു ഹാ! 2
ദിഷ്ടമീ വടിവിയന്നു വന്നപോൽ
ദൃഷ്ടനായിഹ ഭവാൻ; ഭവാനു പ-
ണ്ടിഷ്ടയാം 'നളിനി'ഞാൻ മഹാമതേ.
– (പ്രിയദർശനം)

– നളിനിക്ക് ദിവാകരനോടുള്ള പ്രണയം ഈ വരികളിൽ എങ്ങനെ പ്രകടമാവുന്നു ?

Score

**12 മുതൽ 21 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം)**

12. 'ഇവന്റെ മാതാവിന്റെ പേർ ശകുന്തള എന്നാണോ ? എന്നാൽ അനേകം പേർക്ക് ഒരു പേരുതന്നെ വരാവുണ്ടല്ലോ. ഈ പ്രസ്താവം കാനൽജലം പോലെ ഒടുവിൽ എനിക്കു വിഷാദത്തിന് ഇടയാക്കാതിരുന്നാൽക്കൊള്ളാമായിരുന്നു.' 4

– (ഋതുയോഗം)

– രാജാവ് ഇങ്ങനെ വിചാരപ്പെടുന്നതിന് കാരണം എന്തായിരിക്കും ? നാടകത്തിലെ മറ്റു സന്ദർഭങ്ങൾകൂടി പരിഗണിച്ച് കുറിപ്പ് തയ്യാറാക്കുക.

13. 'വെള്ളിസ്സാമാനം പട്ടാളമാറാപ്പിലിട്ടു. കൊട്ട വലിച്ചെറിഞ്ഞു. തോട്ടം പിന്നിട്ടു. നരിയെപ്പോലെ മതിൽ ചാടിക്കടന്ന് ഒരു പാച്ചിൽ കൊടുത്തു.' 4

– (പാവങ്ങൾ)

– ഴാങ് വാൽ ഴാങ്ങിന്റെ മാനസികാവസ്ഥ ഈ സന്ദർഭത്തിൽ എങ്ങനെ പ്രകടമാവുന്നു ? പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

14. 'ഒരു നീണ്ട തേങ്ങലോടെ അവർ മുന്നോട്ടാഞ്ഞ് അയാളെ കെട്ടിപ്പിടിച്ചു. രൂപംകൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരംകൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു.' 4

– (വിശ്വരൂപം)

– മിസ്സിസ് തലത്തിന്റെ ഈ പെരുമാറ്റം സുധീറിനെ അമ്പരിപ്പിച്ചത് എന്തുകൊണ്ടായിരിക്കും ? കഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

15. 'കണ്ടുടൻസ്വയമറിഞ്ഞിടാത്തതോർ- 4
ത്തിണ്ടൽ വേണ്ട സഖി, കേണിടേണ്ട കേൾ,
പണ്ടു നിന്നെയൊരിളംകുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ.'

– (പ്രിയദർശനം)

ദിവാകരൻ നളിനിയെ ആശ്വസിപ്പിക്കുന്ന സന്ദർഭമാണിത്. ഈ വരികളിലെ കാവ്യപരമായ സൗന്ദര്യം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Score

16. 'കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിനു വേണ്ടിയായിരുന്നു. 4

–(കടൽത്തീരത്ത്)

– വെള്ളായിയപ്പന്റെ യാത്രയെ കഥാകൃത്ത് ഇങ്ങനെ അവതരിപ്പിച്ചത് എന്തുകൊണ്ടായിരിക്കും ? കഥ പരിശോധിച്ച് നിങ്ങളുടെ നിരീക്ഷണം കുറിക്കുക.

17. 'തന്റെ ജീവിതം വെറുമൊരു പേക്കിനാവായിത്തീർന്നു.' 4

– (ആത്മാവിന്റെ വെളിപാടുകൾ)

– ദസ്തയേവ്സ്കി ഇങ്ങനെ ചിന്തിക്കാനിടയായ ജീവിതസാഹചര്യമെന്ത് ? നോവൽഭാഗത്തെ മുൻനിർത്തി കുറിപ്പ് തയ്യാറാക്കുക.

18. 'ദിവസേന, പൊട്ടിയ കുപ്പിയും കീറക്കടലാസും പഴന്തുണിയുമൊക്കെ പെറുക്കി നടന്ന് വിറ്റില്ലെങ്കിൽ അന്നന്നത്തെ ആഹാരത്തിന് വഴിയില്ലാത്ത അവസ്ഥയിലായി അവർ.' 4

– അടിസ്ഥാന ജനവിഭാഗങ്ങളുടെ ജീവിതാവസ്ഥ 'അക്കർമാശി'യിൽ എങ്ങനെ പ്രതിഫലിക്കുന്നു ? പാഠഭാഗം കൂടി പരിഗണിച്ച് കുറിപ്പ് തയ്യാറാക്കുക.

19. ''ഇപ്പോൾ അവന്ന് എന്നെ കണ്ടുകൂടാതായി. അവൻ എന്നെ 'കുഠം' പിടിച്ച പട്ടിയെപ്പോലെ ആട്ടിപ്പായിച്ചു. അവന്റെ മനസ്സൊന്നിളക്കാൻ എന്റെ മോൻ ഇതെല്ലാം ഒന്നെഴുതി അയക്കണം.'' 4

– (ഞാൻ കഥാകാരനായ കഥ)

– മകന്റെ മനസ്സിളക്കാൻ എഴുതിയ കത്തുകൾ എസ്. കെ. പൊറ്റെക്കാട്ടിനെ കഥാകാരനാക്കുന്നതിൽ സഹായിച്ചു എന്നു പറയുന്നതിലെ പൊരുളെന്ത് ? പാഠഭാഗത്തെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുക.

20. ''കണ്ടോ അച്ഛാ?'' – വായിൽനിന്ന് നീരാവിയുടെ ഒരു ചെറിയ മേഘത്തെ തുറന്നുവിട്ടുകൊണ്ട് ജൂലിയാന ചോദിച്ചു. 4

ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു.

– (ഉരുളക്കിഴങ്ങ് തിന്നുന്നവർ)

– കഥാസന്ദർഭത്തിൽനിന്ന് ലഭിക്കുന്ന സൂചനയെന്ത് ? കഥ വിശകലനം ചെയ്ത് സ്വന്തം നിരീക്ഷണം കുറിക്കുക.

Score

21. ''ഹൃദയമേ, ഇനി ആശ്വസിക്കാം. ദൈവം മത്സരം വിട്ട് എന്റെ നേരെ കരുണചെയ്തു എന്നു തോന്നുന്നു.'' 4

– (ഋതുയോഗം)

– ശകുന്തള ഇങ്ങനെ ആശ്വസിക്കാനിടയായ സാഹചര്യം എന്ത് ? നാടകസന്ദർഭങ്ങൾ മുൻനിർത്തി കുറിപ്പ് തയ്യാറാക്കുക.

**22 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം)**

22. 'ദേഹാഭിമാനംനിമിത്തമായുണ്ടായ 6
മോഹേന ലോകം ദഹിപ്പിപ്പതിന്നു നീ
മാനസതാരിൽ നിരൂപിച്ചതും തവ
ജ്ഞാനമില്ലായ്കെന്നറിക നീ ലക്ഷ്മണ.'

'സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതു വിദ്യയും'

'ക്രോധമല്ലോ നിജ ധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം.'

– (ലക്ഷ്മണസാന്ത്വനം)

– എഴുത്തച്ഛന്റെ തത്വോപദേശങ്ങൾ എക്കാലത്തും പ്രസക്തമല്ലേ ? കവിത വിശകലനം ചെയ്ത് 'എഴുത്തച്ഛന്റെ ദർശനങ്ങളുടെ സമകാലികത' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

23. മെത്രാൻ അയാളുടെ അടുക്കലേക്ക് ചെന്ന്, ഒരു താഴ്ന്ന സ്വരത്തിൽ പറഞ്ഞു; ''ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളതു മറക്കരുതേ, ഒരിക്കലും മറന്നുപോകരുത്. '' 6

– (പാവങ്ങൾ)

– 'സ്നേഹമില്ലായ്മയാണ് ഏറ്റവും വലിയ കുറ്റകൃത്യം' എന്ന സന്ദേശമാണോ മെത്രാന്റെ പ്രവൃത്തിയിൽ തെളിയുന്നത് ? മെത്രാന്റെ പ്രവൃത്തികളും സമകാലിക സംഭവങ്ങളും വിലയിരുത്തി 'സ്നേഹത്തിന്റെ വഴിയിലൂടെ നന്മയിലേക്ക് ' എന്ന വിഷയത്തെക്കുറിച്ച് എഡിറ്റോറിയൽ തയ്യാറാക്കുക.

Score

24. 'നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോട് പറയൂ, കുട്ടികളെ ബോർഡിങ്ങിൽ അയക്കരുതെന്ന്. ആയയെ വയ്ക്കരുത്. അമ്മ തന്നെ വളർത്തണം. ശാസിക്കയും ലാളിക്കുകയും കൂട്ടുകൂടുകയും വേണം.' 6

– (വിശ്വരൂപം)

– ഇത് മിസ്സിസ് തലത്തിന്റെ തിരിച്ചറിവാണ്. കോവിഡ്കാലത്താണ് നമ്മൾ ഇപ്പോൾ ജീവിക്കുന്നത്. കോവിഡ്കാല കുടുംബബന്ധങ്ങൾ അതിനു മുമ്പുള്ള ജീവിതത്തിൽ നിന്നും വ്യത്യസ്തമായിരുന്നോ ? സ്വന്തം അനുഭവങ്ങൾ കൂടി പരിഗണിച്ച് 'മഹാമാരിക്കാലത്തെ കുടുംബബന്ധങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

25. 'പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു.' 6

'പട്ടകളിൽ കാറ്റിരമ്പുന്നത് വെള്ളായിയപ്പന് അന്നാദ്യമായി അപരിചിതമായി തോന്നി.'

'അപരിചിതരുടെ താല്പര്യ രഹിതമായ സംഭാഷണം എണ്ണമറ്റ കൊലക്കയറായി.'

– (കടൽത്തീരത്ത്)

വെള്ളായിയപ്പന്റെ തീവ്രമായ മാനസിക സംഘർഷങ്ങളാണല്ലോ മുകളിൽ നൽകിയിരിക്കുന്ന കഥാസന്ദർഭങ്ങളിൽ തെളിയുന്നത്. കഥയിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയ്യാറാക്കുക.

-oOo-